പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 429 — 27/9/2011 ൽ മറുപടിയ്ക്ക്

## ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പുനരധിവാസ പദ്ധതി

ചോദ്യം — ഉത്തരം

ശ്രീ. ബി. സത്യൻ :

ഡോ. എം.കെ. മുനീർ
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി:

| | |
|---|---|
| (എ). സംസ്ഥാനത്ത് ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ പുനരധിവാസത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ). മാനസികമായി വികാസം പ്രാപിക്കാത്ത കുട്ടികളുടെ (4 മുതൽ 16) വിദ്യാഭ്യാസവും സംരക്ഷണവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി കോഴിക്കോട് ജില്ലയിൽ **HMDC** എന്ന സ്ഥാപനം പ്രവർത്തിച്ച് വരുന്നു. |
| (ബി).ബുദ്ധിവൈകല്യം വന്ന കുട്ടികൾക്ക് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (ബി). കേരള സാമൂഹ്യ സുരക്ഷാ മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (സി). ഇവരുടെ ചികിത്സയ്ക്കും മറ്റ് ചെലവുകൾക്കും സാമൂഹ്യക്ഷേമവകുപ്പ് എന്തെങ്കിലും സാമ്പത്തികസഹായം നൽകുന്നുണ്ടോ; | (സി). ഇത്തരക്കാർക്ക് ചികിത്സാ ധനസഹായം നൽകുന്ന വികലാംഗ ദുരിതാശ്വാസ നിധി എന്ന പദ്ധതി നിലവിലുണ്ട്. |
| (ഡി). കുട്ടികൾക്കോ അവരുടെ രക്ഷിതാക്കൾക്കോ പെൻഷനോ മറ്റ് ധനസഹായങ്ങളോ നൽകുന്നുണ്ടോ? എങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുവാൻ ആർക്കാണ് അപേക്ഷ നൽകേണ്ടത്; | (ഡി).ശാരീരിക മാനസിക വൈകല്യങ്ങൾ മൂലം ശയ്യാവലംബരായവരുടെ സംരക്ഷണചുമതല ഏറ്റെടുക്കുന്നവർക്ക് പ്രതിമാസം 300/- രൂപ നിരക്കിൽ ആശ്വാസകിരണം പദ്ധതിപ്രകാരം കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തിരം ധനസഹായം നൽകിവരുന്നു. ഇതിനായി അതാത് പ്രദേശത്ത് ശിശു വികസന പദ്ധതി ഓഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. ബുദ്ധിമാന്ദ്യമുള്ളവർക്കായി വികലാംഗ പെൻഷൻ പദ്ധതി നിലവിലുണ്ട് . ഇതിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭയിലാണ് അപേക്ഷ നൽകേണ്ടത്. |
| (ഇ) . ബുദ്ധിവൈകല്യം ഉള്ള കുട്ടികളെ ഡോക്ടർ വീട്ടിലെത്തി പരിശോധിക്കാൻ | (ഇ). ഇല്ല |

| | |
|---|---|
| സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | |
| (എഫ്). അവരെ ചികിത്സിക്കാനും പഠിപ്പിക്കാനും നേതൃത്വം നൽകുന്ന ഏജൻസി ഏതാണ്; | (എഫ്). സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല |
| (ജി). അവരുടെ പരിപാലനത്തിന് ചെലവേറുമെന്നതിനാൽ പ്രത്യേക സഹായം നൽകാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ; | (ജി).ഇപ്പോൾ പരിഗണനയിലില്ല |
| (എച്ച്). ഇപ്രകാരമുള്ള കുട്ടികൾക്ക് കേന്ദ്ര സർക്കാരിൽ നിന്ന് പ്രത്യേക ഫണ്ട് കിട്ടുന്നതിനുള്ള മാർഗ്ഗങ്ങൾ ഏതെല്ലാമാണ്? | (എച്ച്). കേന്ദ്രസർക്കാരിൽ നിന്നും പ്രത്യേകം ഫണ്ടുകളൊന്നും വകുപ്പിൽ ലഭിയ്ക്കുന്നില്ല |

R. Vijayakumar

സെക്ഷൻ ഓഫീസർ